DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

27/10/2020

# കാർഷികമേഖലാവാർത്തകൾ

## പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപനം

മുഖ്യമന്ത്രിയുടെ 100-ദിന കർമ്മപരിപടിയിൽ ഉൾപ്പെടുത്തി ഇന്ത്യയിൽ ആദ്യമായി 16-ഇനം പഴം-പച്ചക്കറികൾക്ക് തറവില ഏർപ്പെടുത്താൻ തീരുമാനിച്ചു. കൃഷിവകുപ്പ്, സഹകരണവകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ് എന്നീ 3 വകുപ്പുകൾ സംയുക്തമായിട്ടാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ഇന്ന് രാവിലെ 11 മണിക്ക് തൃശൂർ ജില്ലാ പ്ലാനിംഗ് ഹാളിൽ കൃഷിവകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ വച്ച് മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഓൺലൈനായി ഉദ്ഘാടനം നിർവഹിക്കും.

## നെൽവയൽ ഉടമകൾക്ക് റോയൽറ്റി വിതരണോദ്ഘാടനം

നെൽകൃഷി ചെയ്യാവുന്ന നെൽവയലുകൾ രൂപമാറ്റം വരുത്താതെ നിലനിർത്തി സംരക്ഷിക്കുകയും കൃഷിക്കായി ഉപയുക്തമാക്കുകയും ചെയ്യുന്ന നെൽവയലുകളുടെ ഉടമകൾക്ക് ഹെക്ടറിന് ഓരോ സാമ്പത്തിക വർഷവും 2000 രൂപ നിരക്കിൽ റോയൽറ്റി അനുവദിക്കുന്ന പദ്ധതിയുടെ സംസ്ഥാനതല വിതരണോദ്ഘാടനം നവംബർ 5-ന് തൃശൂർ ജില്ലാ പ്ലാനിംഗ് ഹാളിൽ കൃഷിമന്ത്രി വി.എസ്.

സുനിൽകുമാറിന്റെ അദ്ധ്യക്ഷതയിൽ കൂടുന്ന യോഗത്തിൽ വച്ച് മുഖ്യമന്ത്രി ശ്രീ പിണറായി വിജയൻ ഓൺലൈനായി നിർവഹിക്കും.

## അക്ഷശ്രീ അവാർഡ് –2020

സരോജിനി-ദാമോദർ ഫൗണ്ടേഷൻ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള 11-ാമത് അക്ഷയശ്രീ അവാർഡിനുള്ള അപേക്ഷ ക്ഷണിച്ചു. സംസ്ഥാന തലത്തിൽ ഏറ്റവും നല്ല ജൈവകർഷകന് ഒരു ലക്ഷം രൂപയും ജില്ലാ തലത്തിൽ 25000 രൂപ വീതമുള്ള 28 പ്രോത്സാഹന സമ്മാനങ്ങളും കൂടാതെ പ്രായമായ പരമ്പരാഗത ജൈവകർഷകർ, ഔഷധസസ്യകൃഷി, മട്ടുപ്പാവ്കൃഷി, വിദ്യാർത്ഥികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവർക്കും അനുയോജ്യമായ പ്രോത്സാഹന സമ്മാനങ്ങൾ നൽകുന്നു. ഡിസംബർ 31 ന് മുമ്പായി അപേക്ഷ ലഭിക്കണം. മൂന്നു വർഷത്തിനുമേൽ പൂർണമായും **ജൈവഭക്ഷണകൃഷി** ചെയ്യുന്ന കൃഷിക്കാരെയാണ് അവാർഡിന് പരിഗണിക്കുന്നത്. വെള്ളക്കടലാസിൽ കൃഷിരീതിയുടെ ലഘുവിവരണവും, പൂർണ്ണ മേൽവിലാസവും, വീട്ടിൽ എത്തിച്ചേരാനുള്ള വഴിയും, ഫോൺ നമ്പരും ജില്ലയും എഴുതണം. അപേക്ഷ അയയ്ക്കേണ്ട വിലാസം: കെ.വി. ദയാൽ, അവാർഡ് കമ്മിറ്റി കൺവീനർ, ശ്രീകോവിൽ, മുഹമ്മ പി.ഓ. ആലപ്പുഴ. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടേണ്ട നമ്പർ: **9447114526.**

## അപേക്ഷ ക്ഷണിക്കുന്നു

കൃഷിവകുപ്പ് റീബിൽഡ് കേരള ഇനിഷിയേറ്റീവ് പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം കൃഷി ഡയറക്ടറേറ്റിൽ സെൽ രൂപീകരിക്കുന്നതിന് കൃഷി ജോയിന്റ് ഡയറക്ടർ, കൃഷി ഡെപ്യൂട്ടി ഡയറക്ടർ എന്നീ ഔദ്യോഗിക പദവികളിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് കാർഷിക വികസന കർഷകക്ഷേമ വകുപ്പിന്റെ keralaagriculture.gov.in എന്ന വെബ്സൈറ്റിലോ, **9383470054** എന്ന നമ്പരിലോ ബന്ധപ്പെടണമെന്ന് കൃഷി ഡയറക്ടർ അറിയിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ഈ മാസം 30.

## എഫ്.ഐ.ബി പേരും ലോഗോയും എൻട്രികൾ ക്ഷണിക്കുന്നു

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ കീഴിൽ ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിലെ കളർകോട് എന്ന സ്ഥലത്ത് ഒരു കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ ഉടൻ ആരംഭിക്കാൻ അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത റേഡിയോ സ്റ്റേഷനായി അനുയോജ്യമായ പേരും ലോഗോയും തയ്യാറാക്കുന്നതിലേയ്ക്ക് കർഷകരിൽ നിന്നും പൊതുജനത്തിൽ നിന്നും എൻട്രികൾ ക്ഷണിച്ചുകൊള്ളുന്നു. കാർഷിക മേഖലയുമായി ബന്ധപ്പെട്ടതും ആകർഷണിയവും വിഷയ പ്രസക്തവുമായ രീതിയിലുള്ള പേരും ലോഗോയുമായിരിക്കണം തയ്യാറാക്കി അയയ്ക്കേണ്ടത്. ഇപ്രകാരം തയ്യാറാക്കുന്ന പേര്, ലോഗോ

എന്നിവ **piofibtvm@gmail.com** എന്ന ഇ-മെയിൽ മേൽവിലാസത്തിലോ ആയതിന്റെ ഹാർഡ് കോപ്പി **'പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, കവടിയാർ, തിരുവനന്തപുരം-3'** എന്ന മേൽവിലാസത്തിൽ തപാൽ മുഖാന്തിരമോ നേരിട്ടോ **06.11.2020 ന് വൈകുന്നേരം 5 മണിയ്ക്ക്** മുൻപായി ലഭിക്കേണ്ടതാണ്. ഏറ്റവും മികച്ച പേര് നിർദ്ദേശിക്കുന്ന ആൾക്ക് 2500/- രൂപയും ഏറ്റവും മികച്ച ലോഗോ തയ്യാറാക്കി സമർപ്പിക്കുന്ന ആൾക്ക് 5000/- രൂപയും സമ്മാന തുകയായി നൽകുന്നതാണ്.

## **കീടനാശിനി** അവശിഷ്ട വിഷാംശം - **വിളവെടുപ്പിനുശേഷം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ**

കീടനാശിനി അവശിഷ്ട വിഷാംശം വിളവെടുപ്പിനുശേഷം കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ. പച്ചക്കറികളും മുന്തിരി പോലുള്ള പഴവർഗങ്ങളും 2 ശതമാനം വാളംപുളി വെള്ളത്തിലോ രണ്ട് ശതമാനം വിനാഗിരിയിലോ 2 ശതമാനം കറിയുപ്പിലോ 20 മിനിറ്റ് മുക്കിവെച്ച ശേഷം ശുദ്ധജലത്തിൽ രണ്ടുമൂന്നു തവണ കഴുകുക. ഏലക്കയുടെ തൊലികളഞ്ഞ് ഉപയോഗിച്ചാൽ നല്ലൊരു ശതമാനം സ്പർശനശേഷിയുള്ള കീടനാശിനികൾ ഒഴിവാക്കാനാകും. അത് പച്ചക്കറികൾ പാചകം ചെയ്യുന്നതിലൂടെ നല്ലൊരു അളവ് കീടനാശിനികൾ നശിച്ചു പോകുന്നതാണ് പഠനങ്ങൾ കാണിക്കുന്നത്. മറ്റു മാർഗ്ഗങ്ങളിലൂടെ നീക്കം ചെയ്യാൻ കഴിയാത്ത അന്തർവ്യാപനം ശേഷിയുള്ള വീടൻ ആശയങ്ങളുടെ നല്ലൊരുഭാഗവും നല്ലൊരുഭാഗവും പാചകം ചെയ്യുന്നതിലൂടെ മാറ്റപ്പെടുന്ന തായി കാണുന്നു.